

**മാത്യു ടി. തോമസ്**
[ജെ.ഡി.(എസ്) - തിരുവല്ല]

റവ. ടി. തോമസിന്റെയും ശ്രീമതി അന്നമ്മ തോമസിന്റെയും മകനായി 1961 സെപ്റ്റംബർ 27-ാം തീയതി പത്തനംതിട്ട ജില്ലയിലെ തിരുവല്ല എന്ന സ്ഥലത്ത് ജനിച്ചു; ബി.എസ്സ്.സി., എൽഎൽ.ബി; അഭിഭാഷകൻ.

വിദ്യാർത്ഥിയായിരിക്കെ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തിൽ ആകൃഷ്ടനാകുകയും അടിയന്തരാവസ്ഥയെ തുടർന്ന് ജനതാ പാർട്ടിയുടെ സജീവ പ്രവർത്തകനാകുകയും ചെയ്തു. അനവധി വിദ്യാർത്ഥി പോരാട്ടങ്ങളിൽ പങ്കാളിയാവുകയും അറസ്റ്റ് വരിക്കുകയും ചെയ്തു.

**വഹിച്ച സ്ഥാനങ്ങൾ**

കെ.വി.ജെ.: അംഗം (1977), ആലപ്പുഴ ജില്ലാ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ് (1985-1988).

മാർത്തോമാ കോളേജ് യൂണിറ്റ് ജോയിന്റ് സെക്രട്ടറി (1977), മദ്യവർജ്ജന സമിതി തിരുവല്ല താലൂക്ക് സെക്രട്ടറി(1978), മാർത്തോമാ യുവജനസഖ്യം ശാഖാ സെക്രട്ടറി (1979), തിരുവല്ല മാർത്തോമാ കോളേജ് എൻ.എസ്.എസ്. യൂണിറ്റ് വോളന്റിയർ സെക്രട്ടറി (1981), ബ്രെയിൻസ് ട്രസ്റ്റ് സെക്രട്ടറി (1980), സ്പീക്കർ (1983).

കേരള(1981), മഹാത്മാഗാന്ധി (1984) എന്നീ സർവ്വകലാശാലകളിൽ യൂണിയൻ കൗൺസിലർ.

ജനതാ ചുമട്ടുതൊഴിലാളി യൂണിയൻ, തിരുവല്ല പാറമട തൊഴിലാളി യൂണിയൻ എന്നിവയുടെ സെക്രട്ടറി (1981), കേരള യുവജനത സംസ്ഥാന പ്രസിഡന്റ് (1989).

വൈ.എം.സി.എ.: തിരുവല്ല ഡയറക്ടർ ബോർഡ് അംഗം(1981), പ്രസിഡന്റ് (1999), സെക്രട്ടറി.

എൽ.ഡി.എഫ്. പത്തനംതിട്ട ജില്ലാ കൺവീനർ.

ജനതാദൾ(എസ്): സംസ്ഥാന പ്രസിഡന്റ് (2010-2016), സംസ്ഥാന കമ്മിറ്റി സീനിയർ വൈസ് പ്രസിഡന്റ്, ദേശീയ നിർവ്വാഹക സമിതി അംഗം.

13, 14 എന്നീ കേരള നിയമസഭകളിലെ ജനതാദൾ (എസ്) നിയമസഭാ കക്ഷി നേതാവ്.

കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ചെയർമാൻ.

ഏറ്റവും കുറഞ്ഞ പ്രായത്തിൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വ്യക്തി (1987-ൽ 25-ാം വയസിൽ).

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി (18.05.2006 - 20.03.2009).

ജലവിഭവ വകുപ്പ് മന്ത്രി (25.05.2016 - 26.11.2018).

നിലവിൽ ജനതാദൾ (എസ്) നിയമസഭാ കക്ഷി നേതാവ്, സംസ്ഥാന പ്രസിഡന്റ്, കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി ചെയർമാൻ (2021 മുതൽ).

തിരുവല്ല നിയോജകമണ്ഡലത്തിൽ നിന്നും 1987-ൽ എട്ട്, 2006-ൽ പന്ത്രണ്ട്, 2011-ൽ പതിമൂന്ന്, 2016-ൽ പതിനാല് എന്നീ കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഇംഗ്ലീഷ് |
| ഭാര്യ | : | ഡോ. അച്ചാമ്മ അലക്സ് (സുധ) |
| കുട്ടികൾ | : | ശ്രീമതി അച്ചു അന്ന മാത്യു<br>കുമാരി അമ്മു തങ്കം മാത്യു |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | കുവൈറ്റ്, ബഹ്റിൻ, യു.എ.ഇ., റോം, ഇറ്റലി, ഖത്തർ |
| ശീലങ്ങൾ | : | വായന |
| വിനോദം | : | സംഗീതം, യാത്ര |
| സ്ഥിരമേൽവിലാസം | : | തുമ്പുംപാട്ട് വീട്, കുറ്റപ്പുഴ പി.ഒ.,<br>തിരുവല്ല, പത്തനംതിട്ട-689 103 |
| ഇ-മെയിൽ | : | mathewtthomas.tvla@gmail.com |
| **ടെലിഫോൺ നമ്പർ** | | |
| താമസ സ്ഥലം | : | 0469-2703096 |
| ഓഫീസ് | : | 0471-2512236, 0469-2635396 |
| മൊബൈൽ | : | 94478 02865 |
| **തെരഞ്ഞെടുപ്പ് ഫലം** | | |
| സമ്മതിദായകർ | : | 2,12,288 |
| വോട്ടു ചെയ്തവർ | : | 1,39,544 |
| അഡ്വ. മാത്യു ടി. തോമസ് [ജെ.ഡി.(എസ്)] | : | 62,178 |
| ശ്രീ. കുഞ്ഞു കോശി പോൾ (കെ.ഇ.സി.) | : | 50,757 |
| ശ്രീ. അശോകൻ കുളനട (ബി.ജെ.പി.) | : | 22,674 |